# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2579** 12.03.2018 **ൽ മറുപടിക്ക്**

**കുട്ടമ്പുഴ പി.എച്ച്.സി യ്ക്ക് കെട്ടിട നിർമ്മാണം**

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016-17 ആസ്തി വികസന ഫണ്ടിൽ നിന്നും കുട്ടമ്പുഴ പി.എച്ച്.സി യുടെ കെട്ടിടനിർമ്മാണത്തിന് 25 ലക്ഷം രൂപ ഫണ്ട് അനുവദിച്ച് പൊതുമരാമത്ത് കെട്ടിടവിഭാഗം വഴി GO (RT) 1526/17 H&FWD പ്രകാരം 30/5/17 ൽ ഭരണാനുമതി ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. കുട്ടമ്പുഴ പി.എച്ച്.സി-ക്ക് ആസ്തി വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ബി) ഭരണാനുമതി ലഭ്യമായി ഇത്ര നാൾ കഴിഞ്ഞിട്ടും പ്രസ്തുത വർക്കിന്റെ ടെണ്ടർ നടപടി പൂർത്തിയായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത വർക്ക് ടെണ്ടർ ചെയ്യാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (സി) ടി വർക്കിന്റെ എസ്റ്റിമേറ്റിൽ തിരുത്തൽ ആവശ്യമായി വന്നതിനാലും ക്ലയന്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി ലഭിക്കാൻ കാലതാമസം വന്നതിനാലുമാണ് ടെണ്ടർ നടപടികൾ വൈകിയത്. |
| (ഡി) ടെണ്ടർ നടപടി പൂർത്തീകരിച്ച് എന്നത്തേക്ക് പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ? | (ഡി) 2018 ഏപ്രിൽ മാസം തന്നെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**